LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകൾക്ക് കൈമാറിയ ശുദ്ധജലപദ്ധതികൾ

63 [1749] ശ്രീ. സി. മമ്മൂട്ടി:
„ കെ. എൻ. എ. ഖാദർ:
„ പി. കെ. കെ. ബാവ:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതുവരെയായി എത്ര ശുദ്ധജലവിതരണ പദ്ധതികൾ പഞ്ചായത്തുകൾക്ക് കൈമാറി;

(ബി) അതിൽ എത്ര എണ്ണം പ്രവർത്തന രഹിതമായി;

(സി) ഇവ കാര്യക്ഷമമാക്കുന്നതിന് ഗവൺമെന്റ് തലത്തിലോ, പഞ്ചായത്ത് തലത്തിലോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ വിഭാഗത്തിൽ വരുന്ന ബാക്കി പദ്ധതികൾ പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ;

(എഫ്) കൈമാറിയ ശേഷം പഞ്ചായത്തിനോ ഗുണഭോക്തൃ സമിതിയ്ക്കോ പദ്ധതികളുടെ പ്രവർത്തനം ഭംഗിയായി നടത്താൻ കഴിയുമെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(ജി) പ്രസ്തുത പദ്ധതികൾ ജല അതോറിറ്റിയിൽ നിന്നും പഞ്ചായത്തുകൾക്ക് കൈമാറുമ്പോൾ എത്ര ജീവനക്കാർ വാട്ടർ അതോറിറ്റിയിൽ അധികം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എച്ച്) എങ്കിൽ അവരുടെ എണ്ണം എത്രയെന്നും ഇവരെ പഞ്ചായത്ത് തലത്തിലേക്കോ ജില്ലാ തലത്തിലേക്കോ മാറ്റാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 209

(ബി, സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇല്ല.

(എഫ്) കൈമാറിയ പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമെങ്കിൽ കേരള വാട്ടർ അതോറിറ്റി സാങ്കേതികോപദേശം നൽകുന്നതാണ്.

(ജി ആന്റ് എച്ച്) പ്രസ്തുത പദ്ധതികൾ പഞ്ചായത്തുകൾക്ക് കൈമാറുമ്പോൾ വാട്ടർ അതോറിറ്റിയിൽ എത്ര ജീവനക്കാർ അധികം വരുമെന്ന് കണക്കാക്കിയിട്ടില്ല.

ഭാരതപ്പുഴയോടനുബന്ധമായി പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾ

64 [1750] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയോടനുബന്ധമായി എത്ര കുടിവെള്ള പദ്ധതികൾ പ്രവർത്തിച്ചുവരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഭാരതപ്പുഴയിലെ വെള്ളം വേനൽക്കാലത്ത് വറ്റുന്നതിന്റെ ഭാഗമായി പ്രസ്തുത കുടിവെള്ള പദ്ധതികൾക്കാവശ്യമായ വെള്ളം കിട്ടാറുണ്ടോ;

(സി) ഇതിനു പരിഹാരമായി തടയണകളും അടിയണകളും നിർമ്മിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എത്രയും വേഗം നിശ്ചിത സ്ഥലങ്ങളിൽ തടയണകളും അടിയണകളും നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതുൾപ്പെടെ 36 കുടിവെള്ള പദ്ധതികൾ പ്രവർത്തിച്ചു വരുന്നു.

(ബി) ഭാരതപ്പുഴയിലെ വെള്ളം വേനൽക്കാലത്ത് വറ്റുന്നതിനെത്തുടർന്ന് തൃശൂരിലെ പദ്ധതികൾ മുഴുവൻ സമയവും പ്രവർത്തിപ്പിക്കുവാൻ കഴിയാതെ വരാറുണ്ട്. മലപ്പുറം ജില്ലയിൽ പൊന്നാനി-നരിപ്പറമ്പിൽ വേനൽക്കാലത്ത് ഭാരതപ്പുഴയിലെ വെള്ളം വറ്റുന്നതുകൊണ്ട് കടലിൽനിന്ന് ഉപ്പുവെള്ളം പദ്ധതി പ്രദേശത്തേക്ക് കയറുകയും കുടിവെള്ള വിതരണത്തിന് ബുദ്ധിമുട്ട് ഉണ്ടാവുകയും ചെയ്യാറുണ്ട്.

പാലക്കാട് ജില്ലയിലെ പദ്ധതികൾക്കാവശ്യമായ വെള്ളം വേനൽക്കാലത്ത് പരിമിതമായേ ലഭിക്കാറുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly